# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.452

## 29-10-2019 ൽ മറുപടിക്ക്

## കിഫ്ബി പ്രവൃത്തികളുടെ സാങ്കേതിക പരിശോധന

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. പി.ജെ.ജോസഫ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. സി.എഫ്.തോമസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി പ്രവൃത്തികളുടെ സാങ്കേതിക പരിശോധന ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്നറിയിക്കാമോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | കിഫ്ബിയ്ക്ക് സ്വന്തമായി ഒരു സാങ്കേതിക പരിശോധന വിഭാഗം (TIW) ഉണ്ട്. പദ്ധതിയുടെ രൂപകൽപ്പന, എൻജിനീയറിങ് കരാർ ആസൂത്രണത്തിലെയും നടത്തിപ്പിലേയും ഗുണനിലവാര പരിശോധന എന്നിവയൊക്കെയാണ് സാങ്കേതിക പരിശോധന വിഭാഗത്തിന്റെ ചുമതലകൾ. ഈ വിഭാഗം നടത്തുന്ന സ്ഥിരമായുള്ള ഇൻസ്പെക്ഷനുകൾ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ സഹായകമാകുന്നു. |
| (ബി) സാങ്കേതിക പരിശോധനാ സമിതി പരിശോധിച്ച പ്രവൃത്തികൾക്ക് അന്തിമ അനുമതി നൽകിയിട്ടുണ്ടോ; | കിഫ്ബി യുടെ സാങ്കേതിക പരിശോധന വിഭാഗം പൂർത്തീകരിച്ച പ്രവൃത്തികളുടെയും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെയും പരിശോധന നടത്താറുണ്ട്. കിഫ്ബിയുടെ സാങ്കേതിക പരിശോധന വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഫീൽഡ് ഒബ്സെർവഷൻ ഷീറ്റുകളും, ഒബ്സെർവേഷൻ മെമ്മോകളും നൽകുന്നുണ്ട്. സാങ്കേതിക പരിശോധന സമിതി നൽകിയ എല്ലാ നിർദ്ദേശങ്ങളും പൂർത്തിയാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷം ഒബ്സെർവേഷൻ മെമ്മോകൾ പിൻവലിക്കാറുണ്ട്. |
| (സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ പരിശോധന ഏതു രീതിയിലാണ് നടക്കുന്നത് എന്നറിയിക്കാമോ; നടന്നുകൊണ്ടിരിക്കുന്ന പ്രോജക്ടുകളുടെ പരിശോധന സാങ്കേതിക പരിശോധനാ സമിതി നടത്താറുണ്ടോ; | |
| (ഡി) സാങ്കേതിക പരിശോധനാ സമിതിക്ക് പദ്ധതിയുടെ മൂല്യത്തിന്റെ എത്ര ശതമാനമാണ് ഫീസായി നൽകുന്നത്; ആയതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ? | കിഫ്ബിയ്ക്ക് സ്വന്തമായി ഒരു സാങ്കേതിക പരിശോധന വിഭാഗം (TIW) ഉണ്ട്. ഫീസിനത്തിൽ തുകയൊന്നും നൽകുന്നില്ല |

സെക്ഷൻ ഓഫീസർ